7. To provide all essential documents and manuals, clearly explaining the operation and maintenance and trouble shooting of various portions of the systems.

8. To impart necessary training to the technicians/users in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

each village during installation and commissioning of the systems as well as classroom training after completion of the projects in fault diagnosis andrepair.

**B. Part II Guaranteed technical specifications of the components to be used for thework.**

**Table No 2**

| Description | Specification | Remarks |
|---|---|---|
| | **Base Units** | |
| **Energizer** | ENERGIZER FOR HANGING FENCE With the followingspecifications 12V ENERGIZER,<br>9.9 KV output AC, input 12 V DC, minimum 4 Jule must be from a reputedcompany, must confirm to CPRI<br>certificate and allNational and International standards of safety.Switch to high, medium and low power<br>settings. Shouldpossess the following output characters - Peak o/pvoltage not more than 9.90 KV O/p<br>energy 4 to 4.5 J minimum - Pulse duration 1.01-3.0 m. sec - Pulse interval 1.1-1.4 sec - | 1. Must confirm to all National and International Standards of safety and should notbe fetal to human and animal life. 2. Registration of the firm in any Govt. Depts. (Like Directorate General of Supplies and Disposals etc.) will be preferred |
| **Solar PV Modules** | SOLAR MODULE FOR HANGING FENCE<br>Monocrystalline or polycrystalline with<br>silicon cellswith the following Specification 200 watts,12 volts ratingwith minimum 10 to 25 years warranty<br>againstmanufacturing defects. <br>Solar charge controller to regulate the charging of the battery maximum<br>charging cut off 14.2 volts and minimum 10A | Must be of CEL /BHEL / REIL / TATA BP Make |
| **Module stand with Box** | Module Stand with Water Proof Box With MS thicknesstilted to 13-15 degrees | To suit PV module |
| **Battery** | BATTERY Must have 12 Volts, 100 AH, Maintenancefree (Exide or Amaron or<br>Equivalent Make) batterywith at least 3 years replacement warranty | Must be of Exide/ Amaron/Union make |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| **AC Charger** | A C CHARGER<br>Charging current minimum 8A, Highcharging volt cut off 14.20 V<br>from reputed companieswith minimum 1 year warranty | With proper specification |
| **Lightening diverter kit** | Must be capable of diverting stray lightening. The diverter assembly must be adjustable for spark gaps. Adequate earthling to be provided. | With proper earthling system |

## C. Accessories

| | | |
|---|---|---|
| **Earthing system** | Must contain earth mixture capable of retaining moisture and 8 mm dia stainless steel rod non rusting quality of 4 feet long | Should be capable of providing proper earthling to the system. |
| **Super Strain Insulator** | Super Strain insulator must be of polypropylene material and should withstand of 16 KV | UV stabilized & Rainwater run-off should be providedon the insulator |
| **Warning sign boards** | Polyethylene plastic with statutory colour and signs | Yellow with black letter in local language |
| **Lead out cable** | Must be double insulated withstanding 15 KVvoltages. Inner core wire must be hot dip galvanized | For under gate and base unit connection |
| **Stainless Steel Soft Wire** | STAINLESS STEEL SOFT WIRE must be 1.5 mm 304 grade, nonrusting quality for main line | With proper specification |
| **Stainless Steel Wire** | STAINLESS STEEL SOFT WIRE must be 1.2 mm 304 grade, nonrusting quality for main line | With proper specification |
| **SS Wire Rope** | SS WIRE ROPE<br>1.5mm and non rusting quality forhanging line | With proper specification |
| **Bullets (Connectors)** | BULLETS (Connectors)<br>of copper material coatedwith stainless steel having an inner core hole size of 2.5mm diameter, 2 cm length. | With proper specification |
| **Tool kit** | Should contain: Wire tightener handle, Twisting tool, Pliers, Double ended spanner for clamp tightening | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| **GSM Alert System** | PROVIDING G.S.M ALERT SYSTEM - With FenceVoltage Alarm And SMS Alert To Minimum 3 MobileNumbers. Two Additional Relay Contacts To Turn On aFlood Light/ CCTV/ Walkie Talkie. Alarm Can BeSwitched On Or Off By A Missed Call | With proper specification |

## Posts:

| | | |
|---|---|---|
| **T Shaped Square Tube** | 7 Feet length,14gauge, class B pipe of 2 inches inner diameter, nonrusting quality with ISI standards. (above the ground 14feet and top pipe 3 feet) | With proper specification |

.

## .Testers

| | | |
|---|---|---|
| **Digital Volt Meter** | Must display fence voltage digitally up to 12 kv only. Made of non-shocking plastic | With proper specification |

**Sd/-**
**Divisional Forest Officer, Nemmara**
(For and on behalf of the Governor of Kerala)

Place :Nemmara
Date: 05.01.2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Pre-qualification conditions:**

1. **The tendering firm shall have sufficient experience (Preferably 3 years and more) in successful execution of works related to solar power fencing, for which necessary documentary proof should be provided.**

2. **The tenderer should preferably have valid ISO 9001 Certification.**

3. **The tenderer should preferably have valid CPRI Certification.**

4. **The tendering firm should have adequate service facilities including technical support personnel to ensure prompt post-installation services. They shall undertake to attend to complaints regarding the functioning within a reasonable time frame (Preferably 2 days).**

5. **The tenderer should provide documentary evidence to prove his eligibility based on all the above pre-qualification criteria in the respective online covers.**

Place: Nemmara
Date: 05.01.2024

**Sd/-**
**Divisional Forest Officer, Nemmara**
(For and on behalf of the Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നിലമ്പൂർ നോർത്ത് ഡിവിഷൻ
## കശുവണ്ടി പുനർലേല പരസ്യം

നമ്പർ. B2-9912/2023 03.01.2024

നിലമ്പൂർ നോർത്ത് ഡിവിഷനിലെ താഴെ പട്ടികയിൽ കാണിച്ച തോട്ടങ്ങളിൽ നിന്നും 2024 ൽ ഉണ്ടാകാവുന്ന കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടു പോകുന്നതിനുള്ള അവകാശം 15.01.2024 വൈകുന്നേരം 3.00 മണിയ്ക്ക് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വെച്ച് ഡിവിഷണൽ ഫോറസ്ററ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ ലേല വ്യവസ്ഥയിൽ വിൽക്കുന്നതായിരിക്കും. നിശ്ചിത ദിവസം, വല്ല കാരണവശാലും അവധിയായി വരുന്ന പക്ഷം ലേലം അതിന് അടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതായിരിക്കും. എന്തെങ്കിലും കാരണവശാൽ കശുമാവിൻ ബ്ലോക്കുകൾ 15.01.2024 ലെ ലേലത്തിലോ അടുത്ത ദിവസമോ വിൽക്കുവാൻ സാധിക്കാതെ വന്നാൽ പ്രസ്തുത ബ്ലോക്കുകളുടെ ലേലം 22.01.2024 നും തുടർന്നും ലേലം നടക്കാതെ വന്നാൽ തൊട്ടടുത്ത ലേലം 29.01.2024 നും അതേ സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതായിരിക്കും.

വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ആയതിന് മുൻപായി ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുൻപാകെ, ക്രമ നമ്പർ 4 ന് 2,000/ രൂപയും മറ്റു തോട്ടങ്ങൾക്ക് മൊത്തം 20,000/- രൂപയും നിരതദ്രവ്യം കെട്ടി വെക്കേണ്ടതും ലേല നോട്ടീസിന്റെ ഒരു പ്രതിയിൽ ആയതിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിട്ട് കൊടുക്കേണ്ടതുമാണ്.

2. കരാർ കാലാവധി 30.06.2024 വരെയായിരിക്കും. ലേലം ഓരോ തോട്ടത്തിനും മൊത്തം തുകയ്ക്കായിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നതിന്ന് മുൻപായി ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ തോട്ടങ്ങൾ നേരിൽ പോയി കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം അളവ്, വിളയുടെ ഗുണം തുടങ്ങിയതിൽ യാതൊരു വിധ പരാതികളും സ്വീകരിക്കുന്നതല്ല.

3. ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ യാതൊരു കാരണവും കാണിക്കാതെ ആരെയെങ്കിലും ലേലത്തിൽ പങ്കടുക്കുന്നത് തടയാനുള്ള വിവേചനാധികാരം ഉണ്ടായിരിക്കും. അങ്ങനെയുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും ചോദ്യം ചെയ്യപ്പെടാത്തതുമായിരിക്കും.

4. യാതൊരുത്തരും മറ്റൊരാൾക്കു വേണ്ടി അങ്ങനെ ചെയ്യുവാനുള്ള അധികാരപത്രം ഒപ്പിട്ടുവാങ്ങി ലേലം നടത്തുന്ന ആഫീസിൽ നിന്നും അംഗീകാരം വാങ്ങിയിട്ടല്ലാതെ ലേലം വിളിക്കുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള കാര്യങ്ങളിൽ ലേലം നടത്തുന്ന ആഫീസറുടെ തീരുമാനം അന്തിമമായിരിക്കും. പ്രായ പൂർത്തിയാകാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

5. ലേല ദിവസം ലേലം അവസാനിച്ചാലുടൻ തന്നെ വിജയിയാകുന്ന ലേലക്കാരൻ ലേല സംഖ്യയുടെ 1/3 ഭാഗം സംഖ്യ (നിരതദ്രവ്യം അടക്കം) അടക്കേണ്ടതാണ്. ലേലത്തിൽ ലേല സംഖ്യ 20,000/ രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവനും ഇരുപതിനായിരത്തിൽ കൂടുതൽ ആണെങ്കിൽ മൂന്നിലൊന്നോ 20,000/ രൂപയോ ഏതാണ് കൂടുതൽ അത് അടക്കണം. അങ്ങനെ അടക്കുവാൻ വീഴ്ച വരുത്തിയാൽ അയാൾ അടക്കുന്ന നിരത ദ്രവ്യം സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടത്തുന്നതും ആയിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരെ പങ്കെടുക്കുവാൻ അനുവധിക്കുന്നതല്ല.

6. ലേലം നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറുടേയോ അല്ലെങ്കിൽ അതിന് അധികാരമുള്ള മറ്റുദ്യോഗസ്ഥന്റേയോ, സ്ഥിരപ്പെടുത്തലിന് വിധേയമായിരിക്കും. അവർക്ക് ആയത് യാതൊരു കാരണവും കൂടാതെ സ്ഥിരപ്പെടുത്താനും സ്ഥിരപ്പെടുത്താതിരിക്കുവാനും അധികാരമുണ്ടായിരിക്കും.

7. ലേലം അവസാനിക്കുമ്പോൾ ലേലത്തിൽ വിജയിക്കാത്തവർ അടച്ച നിരതദ്രവ്യം സ്റ്റാമ്പ് പതിച്ച് ഒപ്പിട്ട് കൊടുക്കുന്ന രസീതിയിന്മേൽ മടക്കികൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുമ്പോൾ ലേല വിജയികൾ കെട്ടിവെച്ച നിരതദ്രവ്യമടക്കമുള്ള സംഖ്യ ലേല വിലയിലേക്ക് വരവു വെയ്ക്കാവുന്നതാണ്.

8. ലേലം നടത്തുന്നത് സംബന്ധിച്ചോ ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉത്ഭവിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

9. സ്ഥിരപ്പെടുത്തിയ ഉത്തരവ് അയയ്ക്കുന്ന തിയ്യതി മുതൽ15 ദിവസത്തിനകം ലേലത്തിൽ വിജയിക്കുന്ന ആൾ താഴെപറയുന്ന കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതാണ്.

(1) ലേലത്തിൽ വിജയിക്കുന്ന ആൾ മുഴുവൻ ലേലത്തുകയുടെ ബാക്കി സംഖ്യ മുഴുവനും ലേല വിലയിന്മേൽ നിലവിലുള്ള വില്പന നികുതിയും ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സും 2.5% ഇന്കം ടാക്സും സർക്കാർ നിശ്ചയിക്കുന്ന മറ്റിനം നികുതിയുണ്ടെങ്കിൽ അതും അടച്ചിരിക്കണം. കരാറുകാരൻ അടക്കുവാനുള്ള സംഖ്യ മുഴുവൻ അടവാക്കിയ ശേഷം മാത്രമെ കരാർ ജോലികൾ തുടങ്ങുവാൻ അനുവദിക്കുകയുള്ളു.

(2) ലേലത്തിൽ വിജയിക്കുന്ന ആൾ മൊത്തം ലേല തുകയുടെ 10% വരുന്ന സംഖ്യ (ഏറ്റവും കുറഞ്ഞത് 100 രൂപ) കേരള സർക്കാരിന്റെ ഏതെങ്കിലും ഒരു ഖജനാവിൽ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ പണയം ചെയ്തു കൊണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ടിയാന്റെ പേരിൽ നിക്ഷേപിക്കേണ്ടതും അദ്ദേഹവുമായി 200/ രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു കരാർ ഒപ്പിടേണ്ടതുമാണ്.

10. സ്ഥിരപ്പെടുത്തിയ ഉത്തരവ് അയക്കുന്ന തിയ്യതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മറ്റു നികുതികളും സെക്യൂരിറ്റി ഡെപ്പോസിറ്റും അടക്കുന്നതിന്നും കരാര് വെക്കുന്നതിന്നും സാധിക്കാതെ വന്നാൽ ആയതിന്ന് വർഷത്തിൽ 12% പലിശയും ഓരോ ദിവസത്തേക്ക് 100 രൂപാ വീതം മറ്റൊരു പിഴയും ഈടാക്കിക്കൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് 15 ദിവസം കൂടി അനുവദിക്കാവുന്നതാണ്. 24% പലിശയും ദിവസത്തിൽ ഒരു രൂപാ വീതം പിഴയും ഈടാക്കി കൊണ്ട് മറ്റൊരു 15 ദിവസം കൂടി അനുവദിച്ച് തരുന്നതിന്ന് ഒലവക്കോട് സർക്കിൾ വനം കൺസർവേറ്റർ അവർകൾക്ക് അധികാരമുണ്ടായിരിക്കും. അനുവദിച്ച ഗ്രേസ് പിരിയേഡിനുള്ളിലോ നീട്ടിയനുവധിച്ച ദിവസങ്ങൾക്കുള്ളിലോ ബാക്കി തുകയും സെക്യൂരിറ്റിയും അടച്ച് കരാർ വെക്കാൻ വീഴ്ച വരുത്തിയാൽ അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്തു വിൽക്കുകയോ മറ്റു വിധത്തിൽ വിൽക്കുകയോ ഡിപ്പാർട്ടുമെന്റലായി ശേഖരിക്കുകയോ ചെയ്യുകയും ടിയാന് അടവാക്കിയ മുഴുവൻ സംഖ്യയും സർക്കാരിലേക്ക് കണ്ടു കെട്ടുകയും ചെയ്യുന്നതാണ്. ലേലം കാരണമോ മറ്റൊ സർക്കാരിന് വല്ല നഷ്ടവും ഉണ്ടായാൽ ആയതിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. എന്നാൽ സർക്കാരിന് വല്ല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലാഭവും ഉണ്ടാവുകയാണെങ്കിൽ ആയതിന്ന് ടിയാൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഇതു മൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കില് ആയത് ടിയാനിൽ നിന്നും നിലവിലുള്ള റവന്യൂ റിക്കവറി നിയമം മൂലം ഈടാക്കുന്നതായിരിക്കും.

11. ലേലത്തുകയുടെ ബാക്കി സംഖ്യയും നികുതികളും സെക്യൂരിറ്റി ഡിപ്പോസിറ്റും നിശ്ചിത തീയതിക്കകം അടക്കുകയും എന്നാൽ കരാർ വയ്ക്കാൻ മാത്രം താമസിപ്പിക്കുകയും ചെയ്താൽ താമസം വരുന്ന ഓരോ ദിവസത്തേക്കും 100 രൂപ വീതം സെക്യൂരിറ്റി അടച്ച തീയതി മുതല് പിഴ ഈടാക്കി കൊണ്ട് 30 ദിവസം വരെ ആയതിന് സമയം അനുവദിക്കാവുന്നതാണ്. എന്നിട്ടും താമസിക്കുകയാണെങ്കിൽ ലേലം റദ്ദാക്കുന്നതാണ്.

12. യാതൊരു കാരണവശാലും ഉയർന്ന സംഖ്യക്ക് വിളിക്കുന്ന ലേലക്കാരനെ അയാൾ വാഗ്ദാനം ചെയ്യുന്ന സംഖ്യ പിൻവലിക്കാൻ അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു തീരുമാനം ഉണ്ടാകുന്നതുവരെ അനുവദിക്കുകയില്ല.

13. ലേലത്തിൽ വിജയിക്കുന്നവർ 09.03.1976ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23.02.1976ലെ ജി.ഒ.പി. 62/76 എ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

(എ.) ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് പാട്ട സ്ഥലം മുഴുവനായോ ഭാഗികമായോ കാട്ടുതീ തടയുന്നതിന്ന് ആവശ്യമെന്ന് തോന്നിയാൽ അടിക്കാടുകൾ വെട്ടി നേരത്തെ ചുടുന്നതിന്ന് അധികാരം ഉണ്ടായിരിക്കും. ആയതിന്ന് കരാറുകാരൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(ബി) കരാർ കാലയളവിൽ എല്ലായ്പ്പോഴും തൈകൾക്കു ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാർ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം.

(സി) കാട്ടുതീ തടയുന്നതിന്ന് വേണ്ടി തോട്ടത്തിലുള്ള ഫയർ ട്രേസിംഗ് ജോലി ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദേശിക്കുന്ന പ്രകാരം കരാറുകാരൻ ചെയ്തു തീർക്കണം. ഒരു കാരണവശാലും തോട്ടത്തിൽ തീ പിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. പാട്ട സ്ഥലത്തിന്റെ 100 മീറ്റർ ചുറ്റളവിൽ ഉണ്ടാകുന്ന വനം കുറ്റങ്ങൾക്ക് കരാറുകരൻ ഉത്തരവാദിയായിരിക്കും.

(ഡി) കൂടാതെ കരാറുകാരൻ വിളിച്ചെടുത്ത കശുമാവു തോട്ടങ്ങളിലെ അടിക്കാടുകൾ വെട്ടിത്തെളിക്കേണ്ടതും മരങ്ങളിൽ കയറിയ വള്ളി പടർപ്പുകൾ, ഇത്തിൾ കണ്ണി എന്നിവ വെട്ടി മാറ്റി കശുമാവ് മരങ്ങളെ സംരക്ഷിക്കേണ്ടതുമാണ്.

14. ശേഖരിക്കുന്ന കശുവണ്ടി 1977ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിൽപനയും) ഉത്തരവു പ്രകാരം കേരള റോ കാഷ്യുനട്ട് മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂഷൻ ഓർഡർ 1977 സർക്കാർ നിജപ്പെടുത്തിയ വിലയ്ക്ക് അംഗീകൃത ഏജന്റിന് മാത്രമെ വിൽക്കുവാൻ പാടുള്ളു.

15. നഴ്സറികൾ ഉണ്ടാക്കുന്നതിന്ന് ആവശ്യമുള്ള പക്ഷം തോട്ടങ്ങളിൽ നിന്ന് നല്ലതരം വിത്ത് തിരഞ്ഞെടുക്കുവാനുള്ള അവകാശം ഡിപ്പാർട്ടുമെന്റിന് ഉണ്ടായിരുക്കും. അങ്ങനെ തിരഞ്ഞെടുക്കുന്നതിന്ന് അംഗീകൃത വില നൽകുന്നതായിരിക്കും.

16. ലേലത്തുക ഒരു ലക്ഷം രൂപയോ കൂടുതലോ ആണെങ്കിൽ അസ്സൽ ലേല വിലയേക്കാള് 10 ശതമാനവും ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ 20 ശതമാനവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടുതലാണെങ്കിൽ മാത്രമെ പോസ്റ്റ് ഓഫറുകൾ സാധാരണ ഗതിയിൽ സ്വീകരിക്കുകയുള്ളു. അങ്ങനെയുള്ള പോസ്റ്റ് ഓഫറുകൾ താഴെ പറയുന്ന വ്യവസ്ഥയിൽ മാത്രമെ പരിഗണിക്കുകയുള്ളു.

(1) ലേലത്തീയതി മുതൽ 7 ദിവസത്തിനകം ആയത് കിട്ടിയിരിക്കണം.

(2) പോസ്റ്റ് ഓഫർ നൽകുന്ന ആൾ അസ്സൽ ലേലക്കാരൻ ലേല ദിവസം അടച്ച തുകയുടെ ഇരട്ടി സംഖ്യ അടച്ചിരിക്കണം.

(3) മേൽ പ്രകാരം സംഖ്യ അടച്ചതിന്റെ ചെലാൻ രസീത് ബന്ധപ്പെട്ട ഓഫീസർക്ക് അതു സംബന്ധിച്ച രജിസ്റ്റർ ചെയ്ത നോട്ടീസ് കിട്ടിയതിന്റെ 7 ദിവസത്തിനുള്ളിൽ ബോധിപ്പിക്കണം.

17. (എ) പോസ്റ്റ് ഓഫർ നൽകുന്ന ആൾ മേൽ വ്യവസ്ഥകൾ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കേണ്ട സെക്യൂരിറ്റി പണയം ചെയ്തു എന്ന് ബന്ധപ്പെട്ട ഓഫീസർ മുൻപാകെ കരാർ ഒപ്പിടേണ്ടതാണ്.

(ബി) പോസ്റ്റ് ഓഫർ നൽകുന്നയാൾ മേൽ വ്യവസ്ഥകൾ എല്ലാം നിറവേറ്റിയാൽ നിയമാനുസരണമുള്ള പരസ്യങ്ങൾ ചെയ്ത് പുനർ ലേലം ചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ പോസ്റ്റ് ഓഫർ തന്നയാൾ ഏറ്റ സംഖ്യക്ക് ആരും തന്നെ വിളിച്ചില്ലെങ്കിൽ ആയത് പോസ്റ്റ് ഓഫർ തന്നയാൾക്ക് അയാൾ തരാമെന്ന് ഏറ്റ നിരക്കിൽ നൽകുന്നതായിരിക്കും. അയാൾ അതിൽ നിന്നും പിൻവലിഞ്ഞാൽ അയാൾ നൽകിയ സെക്യൂരിററി തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. എന്നാൽ പുനർ ലേലത്തിൽ പോസ്റ്റ് ഓഫറിനേക്കാൾ കൂടിയ തുകക്ക് ആരെങ്കിലും വിളിച്ചാൽ ആയത് കൂടുതൽ വിളിച്ചയാൾക്ക് നൽകുന്നതും പോസ്റ്റ് ഓഫർ നൽകിയ ആൾക്ക് അടച്ച തുക മടക്കിക്കൊടുക്കുന്നതുമായിരിക്കും.

18. കരാറുകാരന് പാട്ട സ്ഥലത്ത് ജോലി ചെയ്യുന്നതിന് ഏജന്റിനെ നിയമിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അംഗീകാരം വാങ്ങിയതിന്നു ശേഷം മാത്രമെ പാടുള്ളു. ഓരോ ഏജന്റിന്റേയും രണ്ടു മാതൃകാ ഒപ്പുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിരിക്കണം. അവ അംഗീകരിക്കുന്നതിന്നും കാരണം കൂടാതെ തള്ളുന്നതിനുമുള്ള അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതുമായിരിക്കും. അങ്ങനെയുള്ള തീരുമാനം അവസാനത്തേതുമായിരിക്കും. ഏജന്റിനെ നിയമിക്കുന്നത് നിയമാനുസരണം ഉള്ള അംഗീകാര പത്രം നിശ്ചിത ഫോറത്തിൽ ഒപ്പിട്ട് ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടായിരിക്കണം. അങ്ങനെ അംഗീകാരം നൽകിയ ഏജന്റിനെ 'അക്രഡിറ്റഡ്' ഏജന്റായി കണക്കാക്കാവുന്നതാണ്.

19. ലേലക്കാരനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കാനുള്ള എല്ലാ തുകയും അങ്ങനെയുള്ള കേസുകളിൽ ലേല നോട്ടീസിലേയോ ഒപ്പിട്ടിട്ടുള്ള കരാറിലേയോ വ്യവസ്ഥകൾക്ക് വിധേയമായി അവർ അടവാക്കിയിട്ടില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി നിയമപ്രകാരം ഭൂനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കുന്നതായിരിക്കും.

20. കാട്ടുതീ മൂലമോ ഉണക്കു മൂലമോ മറ്റ് വിധത്തിലോ വല്ല നഷ്ടവും നേരിട്ടാൽ ആയതിന്ന് യാതൊരു വിധ നഷ്ടപരിഹാരത്തിനും കരാറുകരൻ അവകാശമുണ്ടായിരിക്കുന്നതല്ല.

21. ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ രേഖാ മൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിന് എടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാനോ സ്ഥലം മുഴുവനുമായോ ഭാഗികമായോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏൽപിച്ചു കൊടുക്കുവാനോ പാടില്ല. അങ്ങനെ നൽകുന്നതിനുള്ള അനുവാദം യാതൊരു കാരണവും കാണിക്കാതെ തള്ളിക്കളയാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉണ്ടായിരിക്കും.

22. മുകളിൽ ഒൻപതാം നമ്പർ വ്യവസ്ഥകളിലെ നിബന്ധനകൾ പൂർത്തീകരിച്ചതിന്ന് ശേഷം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിന്ന് ശേഷമെ കരാറുകാരൻ പാട്ട സ്ഥലത്ത് പ്രവേശിക്കാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന്ന് മുമ്പ് പാട്ടസ്ഥലത്ത് പ്രവേശിക്കുന്നത് കൈയേറ്റമായി കണക്കാക്കുന്നതും അതിൻ ലേലക്കാരനെതിരെ കേരള വന നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

23. ലേലത്തിൽ വെയ്ക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതോ അവ നിയന്ത്രിക്കുന്നതോ ആയ യാതൊരു സർക്കാർ സേവകന്റെയും ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

കുറിപ്പ്: ഇതു പ്രകാരം ബന്ധുക്കൾ എന്നതിന്ന് വിവക്ഷ അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തിരവൻ, ഭാര്യയുടേയോ ഭർത്താവിന്റേയോ അച്ഛൻ മരുമകൻ തുടങ്ങിയ 311967ലെ ജി.ഒ.എം.എസ്. 3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നവരാണ്.

24. ലേല വില 3,000/ രൂപക്ക് മുകളിലും 5,000/ രൂപക്ക് താഴെയുമാണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി കിട്ടുന്നതിന്ന് വിൽപന നികുതിയുടേയും കാർഷികാദായ നികുതിയുടേയും ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ലേല വില 5,000/ രൂപയും അതിനു മുകളിലും ആണെങ്കിൽ ആദായ നികുതിയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. അല്ലെങ്കിൽ അങ്ങനെയുള്ള വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റിയിൽ നിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന്ന് പുറത്ത് ബിസ്സിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

25. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുമ്പോൾ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാറു റദ്ദു ചെയ്ത തിയ്യതിക്കോ അതിനു മുൻപോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്ത് കിടക്കുന്നതുമായ എല്ലാ ഉൽപന്നങ്ങളും കസ്റ്റഡിയിലെടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും അങ്ങിനെയുള്ള കാര്യങ്ങളിൽ കരാറുകാരൻ യാതൊരു വിധ നഷ്ട പരിഹാരത്തിന്നും അതല്ല കണ്ടു കെട്ടിയ ഉൽപന്നങ്ങൾ വിറ്റു കിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

26. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരളാ ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതും വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടി ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനം സംരക്ഷിക്കുന്നതിന്ന് പാട്ട സ്ഥലത്തോ അതിന്നടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകേണ്ടതാണ്.

27. ഉൽപന്നങ്ങൾ പാട്ട സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിന്ന് ആവശ്യമായ പാസ് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്നതായിരിക്കും ശേഖരിക്കുന്ന ഉൽപന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്ന മാസാന്ത്യ കണക്കുകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്ന പാസുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ട സ്ഥലത്തിനു പുറമെയുള്ള വനങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിന്നും ഉൽപന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്ത് നിന്നും സാധനങ്ങൾ രാവിലെ 6 മണി മുതല് വൈകുന്നേരം 6 മണി വരേയുള്ള സമയത്ത് മാത്രമെ നീക്കം ചെയ്യാൻ പാടുള്ളു. കരാറുകാരൻ ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും റെയിഞ്ചാഫീസർക്കും സ്ഥലത്ത് നിന്നും ഓരോ മാസവും നീക്കം ചെയ്യുന്ന ഉൽപന്നങ്ങളുടെ കണക്ക് അടുത്ത മാസം അഞ്ചാം തിയ്യതിക്കു മുമ്പായി സമർപ്പിക്കണം. അല്ലാത്ത പക്ഷം ഓരോ വീഴ്ചക്കും 500 രൂപ വീതം പിഴ ഈടാക്കുന്നതായിരിക്കും.

28. ലേലം തുടങ്ങുന്നതിന്ന് അര മണിക്കൂർ മുമ്പ് തന്നെ ലേലത്തിൽ പങ്കെടുക്കുന്നവർ സ്ഥലത്ത് ഹാജരായി നിരതദ്രവ്യം അടക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അതാത് വില്ലേജാഫീസസർമാരിൽ നിന്നും ടിയാന്റെ മേൽ വിലാസവും ഒപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റുമായി വരുന്നവർക്ക് മാത്രമെ ലേലത്തിൽ നിരതദ്രവ്യം കെട്ടി വെയ്ക്കാൻ അർഹതയുള്ളു.

29. നിബന്ധനകളിൽ ഭേദഗതികൾ വല്ലതും ഉണ്ടെങ്കിൽ അവ ലേലം തുടങ്ങുന്നതിന്നു മുമ്പായി അറിയിക്കുന്നതായിരിക്കും.

30. ലേലത്തിൽ വിജയിക്കുന്ന ആൾ ലേല ദിവസം തന്നെ ലേല വ്യവസ്ഥകൾ കണ്ട് ബോദ്ധ്യപ്പെട്ട് അവയ്ക്ക് അനുസൃതമായി കരാർ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് 200/ രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ കരാർ ഒപ്പു വക്കേണ്ടതാണ്.

31. കാലാവധിക്ക് ശേഷമോ കരാർ റദ്ദ് ചെയ്ത ശേഷമോ കരാർ സ്ഥലത്തുള്ള വിഭവങ്ങൾ ശേഖരിക്കുന്നതിന്ന് കരാറുകാരന്ന് അവകാശമുണ്ടായിരിക്കുന്നതല്ല.

32. പാട്ട സ്ഥലത്ത് നടത്തുന്ന ഡിപ്പാർട്ട്മെന്റ് ജോലികൾ തടയുന്നതിന്നോ തടസ്സപ്പടുത്തുന്നതിന്നോ കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

33. കരാറുകാരന് ആവശ്യപ്പെടുന്ന പക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിന്നും കശുവണ്ടി സൂക്ഷിക്കുന്നതിന്നും 45 സ്കചയർ മീറ്ററിൻ 5 രൂപ പ്രകാരം ഒരു ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന്ന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്കു മുമ്പായി കരാറുകാരന് ഷെഡ് പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ച് നീക്കം ചെയ്യുന്നതും അതിന്ന് വരുന്ന ചെലവ് കരാറുകാരിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ള പക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

## പട്ടിക

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| എടവണ്ണ റെയ്ഞ്ച് | | |
| 1 | 1977 മുന് മഞ്ചേരി കോവിലകം കശുമാവ് തോട്ടം ബ്ലോക്ക് എ, ,ബി, സി, ഡി, ഇ, എഫ് | 153.00 |
| 2 | അരിമ്പ്രക്കുത്ത് 1976 കശുവണ്ടിത്തോട്ടം ബ്ലോക്ക് എ. | 23.000 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 3 | ടി | ടി | ബി | 20.400 |
| 4 | ടി | ടി | സി | 05.000 |
| 5 | ടി | ടി | ഡി | 19.490 |
| 6 | ടി | ടി | ഇ | 29.130 |
| 7 | ടി | ടി | എഫ് | 17.890 |

Sd/-
ഡിവിഷണൽ ഫോറസ്റ്റാഫീസർ
**നിലമ്പൂർ നോർത്ത് ഡിവിഷൻ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## NILAMBUR NORTH DIVISION
## CASHEW AUCTION NOTICE

No. B2-9912/2023 03/01/2024

The auction sale of right of collection and removal of cashew usufructs from the cashew plantations in the Edavanna and Nilambur Ranges of this Division will be conducted on **15/01/2024** at **3.00 PM** at Divisional Forest Office, Nilambur North by the Divisional Forest Officer, Nilambur North or any person authorised by Divisional Forest Officer. If the date of auction happens to be a public holiday, the auction will be conducted on the next working day at the same place and time. In case, due to some other reasons, the proposed auction sale of the cashew plantation, entire or a part, do not materialise on the scheduled date **15/01/2024** as the case may be, the auction sale of blocks, no bid areas, if any, will be conducted on **22/01/2024** and if the auction could not be conducted on **29/01/2024** at same place and time.

1. A certificate regarding the address and signature of the bidder duly attested by the village officer concernedshall be produced at the time of auction.
2. EMD for Sl No 4 is 2000/- and other plantations are totally 20,000/-
3. The contractor shall abide by the rules envisaged by the cashew Procurement and Marketing Act 1977.
4. Period of contract shall be up to 30/06/2024 from the date of execution of agreement after confirming the sale.
5. Further information can be had from this office or from Edavanna / Nilambur Range.
6. Those who intended to participate in the auction will have to adhere to the sale conditions,a copy of which will be supplied to the participants at the time of remittance of EMD.

## SCHEDULE

| Sl. No. | Name of plantation | Approximate Extent (in Ha) | EMD |
|---|---|---|---|
| | **Edavanna Range** | | |
| 1 | 1977 Ex-Manjeri Kovilakam cashew plantation Block A to F | 153.00 | 20,000 |
| 2 | 1976 Arimbrakuth cashew plantation Block A | 23.000 | 20,000 |
| 3 | 1976 Arimbrakuth cashew plantation Block B | 20.400 | 20,000 |
| 4 | 1976 Arimbrakuth cashew plantation Block C | 05.000 | 2,000 |
| 5 | 1976 Arimbrakuth cashew plantation Block D | 19.490 | 20,000 |
| 6 | 1976 Arimbrakuth cashew plantation Block E | 29.130 | 20,000 |
| 7 | 1976 Arimbrakuth cashew plantation Block F | 17.890 | 20,000 |

Nilambur

Sd/-
Divisional Forest Officer
Nilambur North Division

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള വനം വകുപ്പ്

കോഴിക്കോട് ഡിവിഷൻ

ലേല പരസ്യം

ബ1- 3629/23 തീയതി 06.01.2024

കോഴിക്കോട് ഡിവിഷനിൽപ്പെട്ട പെരുവണ്ണാമൂഴി റെയ്ഞ്ചിലെ കക്കയം ഫോറസ്റ്റ് സ്റ്റേഷനിലെ ലേഡീസ് ബാരക്ക് നിർമ്മിക്കുന്നതിന് സ്ഥലമൊരുക്കുന്നതിനായി 11 കുറ്റി വിവിധയിനം മരങ്ങൾ മുറിച്ചുമാറ്റേ ത് അത്യാവശ്യമാകയാൽ താഴെ പറയുന്ന തിയ്യതികളിലും സമയത്തും MSTC വഴി ഓൺലൈനായി നിൽപ്പവിലക്ക് ലേലം നടക്കുന്നതാണ്. (ആദ്യലേലത്തിൽ മരങ്ങൾ വിൽപ്പനയാകാത്ത പക്ഷം തുടർന്നുള്ള തീയതികളിൽ ലേലം നടക്കുന്നതാണ്) നിശ്ചിത ദിവസം വല്ല കാരണവശാലും പൊതു അവധി ആയി വന്നാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

| തിയ്യതി | സമയം |
|---|---|
| 16.01.2024 | 11 മണി മുതൽ |
| 23.01.2024 | 11 മണി മുതൽ |
| 30.01.2024 | 11 മണി മുതൽ |

**ലേലവ്യവസ്ഥകൾ**

1. താഴെ പറയുന്ന പ്രത്യേകലേല നിബന്ധനകൾക്ക് പുറമേ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)ത്തിന്റെ 06.12.2008 ലെ പ്രൊ-57698/2008 നമ്പർ പ്രകാരം 16.12.2008 ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതു ലേലനിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും സർക്കാർ തടി ഡിപ്പോകളിൽ അതാതു കാലത്തു നിലവിൽ വരുന്ന പൊതു ലേലവ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കും
2. ലേലത്തിന് മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെയും മറ്റും നിൽപ്പു സ്ഥിതിയും അളവ്, എണ്ണം, ഗുണനിലവാരം മുതലയാവ നേരിട്ട് പരിശോധിച്ച് തൃപ്തിപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഉണ്ടാവുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.
3. ലേലത്തിൽ പങ്ക് കൊള്ളാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി 25,000/- (ഇരുപത്തയ്യായിരം) രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.
4. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ മൊത്തം വില 25,000/-(ഇരുപത്തയ്യായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതൽ ആണെങ്കിൽ മൊത്തം ലേലതുകയുടെ 35% വില, കുറഞ്ഞത് 25,000 രൂപയും കൂടിയത് 1,00,000 രൂപയും എന്ന കണക്കിൽ ലേലം കഴിഞ്ഞ ഉടനെ കെട്ടിവെക്കേണ്ടതാണ്.
5. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി വിവരം അറിയിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ബാക്കി വിലയും നിലവിലുള്ള വിൽപ്പന നികുതി, വനവികസന നികുതി, ആദായ നികുതിഎന്നിവയും ഒടുക്കി ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**6. പട്ടിക**

| ക്രമ നമ്പർ | ഇനം | ഉയരം(M) | GBH(CM) |
|---|---|---|---|
| 1 | അക്കേഷ്യ | 4 | 110 |
| 2 | അക്കേഷ്യ | 5 | 115 |
| 3 | അക്കേഷ്യ | 7 | 117 |
| 4 | അക്കേഷ്യ | 5 | 91 |
| 5 | അക്കേഷ്യ | 5 | 71 |
| 6 | അക്കേഷ്യ | 5 | 81 |
| 7 | അക്കേഷ്യ | 5 | 71 |
| 8 | അക്കേഷ്യ | 6 | 111 |
| 9 | അക്കേഷ്യ | 7 | 122 |
| 10 | കമ്പിളി | 4 | 91 |
| 11 | ഇലവ് | 9 | 121 |

മേൽ പ്രസ്താവിച്ചിട്ടുള്ള നിൽപ്പ് മരങ്ങളുടെ വോള്യം KFRI യുടെ വോള്യം ടേബിൾ പ്രകാരം കണക്കാക്കിയിട്ടുള്ളതാണ്. മരം മുറിച്ച് തടികളാക്കുമ്പോൾ വോള്യത്തിൽ വ്യത്യാസം വരാവുന്നതാണ്. ആകയാൽ ലേലത്തിൽ പങ്കുകൊള്ളുന്നവർ മുൻപിനാലെ മര ങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേ  താണ്. ഇത് സംബന്ധിച്ച് പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല. ലേലതുക കേരള സർക്കാരിന്റെ ഇ ട്രഷറി സംവിധാനം വഴിയോ കാലാവധി സാക്ഷ്യപ്പെടുത്തിയ ട്രഷറി ചലാൻ മുഖാന്തരമോ അടയ്ക്കാവുന്നതാണ്.

ലേലം കൊള്ളുന്നയാൾ ടിയാന്റെ മുഴുവൻ ചെലവിൽ, ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി **കരാറിൽ ഏർപ്പെടേ  തും കരാർ കാലാവധിക്കുള്ളിൽ** മേൽ പരാമർശിച്ച മുഴുവൻ മരങ്ങളും സ്വന്തം ചെലവിൽ മറ്റ് നാശനഷ്ടങ്ങളൊന്നും ഉ ാക്കാതെ മുറിച്ച് നീക്കം ചെയ്യേ തുമാണ്. ലേല വസ്തുക്കൾ മുഴുവനും നിശ്ചിത സമയത്തിനുള്ളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥലത്തുനിന്ന് നീക്കം ചെയ്യുന്നതിന് വീഴ്ച വരുത്തിയാൽ ആദ്യ ലേലക്കാരനെ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ മുഴുവൻ വീ ും ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉ ാകുന്ന പക്ഷം ആയതിന്റെ പൂർണ ഉത്തരവാദിത്വം ലേലംകൊ യാൾക്ക് മാത്രമായിരിക്കും. പുനർലേലം മുഖാന്തരം സർക്കാർ നഷ്ടം ഉ ായാൽ ആയത് ആദ്യലേലക്കാരനിൽ നിന്നും നിയമപ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള മേൽവിലാസങ്ങളിൽ/ഇ മെയിൽ/ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>കോഴിക്കോട് ഡിവിഷൻ, സിവിൽ സ്റ്റേഷൻപി.ഒ., കോഴിക്കോട് ജില്ല, കേരളം, പിൻ 673020 | dfokkd@gmail.com<br>dfo-kozh.for@kerala.gov.in<br>**0495 2374450** |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>പെരുവണ്ണാമൂഴി റെയ്ഞ്ച് | ro-pnzy.for@kerala.gov.in<br>**0496 2666788**<br>**8547 602830** |

കോഴിക്കോട്,
06.01.2024

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
കോഴിക്കോട് ഡിവിഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## തൊണ്ടി ലേലപരസ്യം-2024

നം: KFDDO/18621/2023-DFOWYNDS/B1, തീയ്യതി: 29.12.2023

സൗത്ത് വയനാട് ഡിവിഷനിലെ താഴെ പട്ടികയിൽ കാണിച്ച റെയിഞ്ചുകളിലെ വിവിധ ഫോറസ്റ്റ് കേസുകളിൽപ്പെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടുകയോ കോടതിയുടെ അനുമതി ലഭിക്കുകയോ ചെയ്തിട്ടുള്ളതുമായ തൊണ്ടി സാധനങ്ങളും മറ്റുവിധത്തിൽ ശേഖരിക്കപ്പെടുകയും സർക്കാർ ഡിപ്പോയിൽ എത്തിച്ച് വിൽപ്പന നടത്താൻ കഴിയാത്തതുമായ മരത്തടികളും അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ കാണിച്ച തീയ്യതികളിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

**പട്ടിക**

| മാസം | തീയതി | | |
|---|---|---|---|
| | കൽപ്പറ്റ റെയിഞ്ച് | മേപ്പാടി റെയിഞ്ച് | ചെതലത്ത് റെയ്ഞ്ച് |
| 2024 ജനുവരി | 17 | 23 | 29 |
| 2024 ഫെബ്രുവരി | 08 | 15 | 22 |
| 2024 മാർച്ച് | 07 | 14 | 21 |
| 2024 ഏപ്രിൽ | 11 | 18 | 25 |
| 2024 മെയ് | 09 | 16 | 23 |
| 2024 ജൂൺ | 13 | 20 | 27 |
| 2024 ജൂലൈ | 11 | 18 | 25 |
| 2024 ഓഗസ്റ്റ് | 08 | 14 | 22 |
| 2024 സെപ്റ്റംബർ | 12 | 19 | 26 |
| 2024 ഒക്ടോബർ | 10 | 17 | 24 |
| 2024 നവംബർ | 07 | 14 | 21 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 2024 ഡിസംബർ | 12 | 19 | 26 |

നിബന്ധനകൾ

1) ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

2) താഴെ പറയുന്ന വ്യവസ്ഥകൾക്ക് പുറമേ സർക്കാർ തടി ഡിപ്പോകളിൽ കാലാകാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

എ. ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച തിരിച്ചറിയൽ സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ ഹാജരാക്കേണ്ടതും 5000 രൂപ ലേലത്തിന് മുമ്പ് നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുമാണ്.

ബി.ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലതുക 10000 മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലക്കാരൻ തൽസമയം ഒടുക്കേണ്ടതാണ്. ലേലത്തുക 10000 ത്തിൽ കൂടുതലാണെങ്കിൽ മൂന്നിലൊന്ന് ഭാഗം ലേലത്തുകയോ 10000 മോ എതാണ് കൂടുതൽ ആ സംഖ്യ ലേലം കഴിഞ്ഞ ഉടനെ അടയ്ക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം ലേലം റദ്ദാക്കപ്പെടുന്നതും കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പുനർലേലം ചെയ്ത് വിൽക്കുന്നതുമാണ്. തൻമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതുമാണ്.

സി.പുനർലേലം ലാഭകരമായിരുന്നാൽ അതിൻമേൽ മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

3) ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ ബാക്കി വിലയും ചരക്ക് സേവന നികുതിയും വന വികസന നികുതിയും ആദായ നികുതിയും നിലവിലുള്ള നിരക്കുകളിൽ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന ദിവസം മുതൽ 30 ദിവസ്സത്തിനകം സർക്കാരിലേക്ക് അടച്ച് പാസ്സ് വാങ്ങി സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. അപ്രകാരം പണം അടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ നിയമാനുസരണം പിഴപ്പലിശയും തറവാടകയും ഈടാക്കി മതിയായ കാരണങ്ങളാൽ സാധനങ്ങൾ നീക്കം ചെയ്യാൻ മുപ്പത് ദിവസം കൂടി ഫോറസ്റ്റ് റെയിഞ്ചാഫീസർമാർക്ക് അനുവദിക്കാവുന്നതാണ്. ടി സമയപരിധിക്കുള്ളിലും പണമടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ സാധനങ്ങൾ നഷ്ടപ്പെടുകയോ നശിച്ച് പോവുകയോ, ഗുണം കുറയുകയോ ചെയ്താൽ ആയതിന് സർക്കാർ ഒരിക്കലും ഉത്തരവാദിയാകുന്നതല്ല. മേൽപറഞ്ഞ സമയപരിധി കഴിഞ്ഞ് നീക്കം ചെയ്യാതെ കിടക്കുന്ന സാധനങ്ങൾ സർക്കാരിലേക്ക് മുതൽകുട്ടുന്നതും ലേലം കൊണ്ട ആൾക്ക് സാധനങ്ങളിൻ മേൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ടി സാധനങ്ങൾ മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും തൻമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി മുഖേനയോ മറ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉചിത മാർഗ്ഗേനയോ ഈടാക്കുന്നതായിരിക്കും. പുനർലേലം ലാഭകരമായിരുന്നാൽ ആയതിൻമേൽ യാതൊരു അവകാശവും മുൻലേലക്കാരന് ഇല്ലാത്തതുമാകുന്നു.

4) ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിന് മുമ്പ് നിയമപ്രകാരമുള്ള ചരക്ക് സേവന നികുതി, വന വികസന നികുതി, ആദായ നികുതി തുടങ്ങിയവ അടയ്ക്കേണ്ടതാകുന്നു.

5) കോടതിയിൽ നിന്ന് പ്രത്യേക അനുമതി നേടി ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

6) ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലസമയത്തിന് മുൻപായി ലേലത്തിൽ വെച്ചിരിക്കുന്ന തൊണ്ടിവഹകളുടെ നിലവാരം, ഇനം, അളവ് മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ വക കാര്യങ്ങൾ ബന്ധപ്പെട്ട റെയിഞ്ചാഫീസർമാരിൽനിന്നും ലഭ്യമായിരിക്കും. ലേലം നടന്ന ശേഷം ലേലത്തിൽ കൊണ്ട തൊണ്ടിവഹകളുടെ അളവിലോ ഗുണനിലവാരത്തിലോ വ്യത്യാസമുള്ളതായി പരാതിപ്പെട്ടാൽ ആയത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

7) ലേലത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്.

8) 20-12-2011 ലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 50 ൽ പ്രസിദ്ധപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 7-12-11 ലെ നമ്പർ പ്രൊ (5) 4668/11 ലേല വ്യവസ്ഥകളും കാലാകാലങ്ങളിൽ ലേലം സംബന്ധിച്ച് വകുപ്പ്/സർക്കാർ തലത്തിൽ പുറപ്പെടുവിച്ച മറ്റ് ഉത്തരവുകളും മേൽ ലേലങ്ങൾക്കും ബാധകമായിരിക്കും.

9) ലേലത്തിൽ പങ്കെടുക്കുന്നവർക്ക് PAN, ആധാർ കാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

സൗത്ത് വയനാട് ഡിവിഷൻ ഒപ്പ്/-

കൽപ്പറ്റ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.09 04:06:21 +05:30